(എച്ച്) നിയമവകുപ്പ് തുടങ്ങിയതു മുതൽ ഇപ്രകാരം ഡിപ്പാർട്ട്മെന്റ് കാറ്റഗറിയിൽ നിന്നും നിയമനം നടത്തേണ്ട എത്ര ഒഴിവുകൾ മറ്റു വിഭാഗക്കാർക്ക് നൽകിയിട്ടുണ്ടെന്ന് കണക്കാക്കാൻ കഴിയുകയില്ല.

(ഐ) നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ ആശുപത്രികളിലെ പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ

137 (140) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. എ. അലി ഹസ്സൻ:
ശ്രീ.എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജ് ആശുപത്രികളിലും പ്രവർത്തനക്ഷമമല്ലാത്ത ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) പ്രവർത്തനക്ഷമമല്ലാതായിട്ടുള്ള ആശുപത്രി ഉപകരണങ്ങൾ എത്ര എന്നും അവ ഏതൊക്കെ എന്നും തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രവർത്തനക്ഷമമല്ലാതായി തീർന്ന ഉപകരണങ്ങൾ യഥാസമയം റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കാൻ പലപ്പോഴും കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ആരോഗ്യവകുപ്പിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ കേടായി കിടക്കുന്ന ഉപകരണങ്ങളുടെ വില എത്രയെന്ന് തിട്ടപ്പെടുത്തി അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ആരോഗ്യവകുപ്പിലെ കേടായ ഉപകരണങ്ങൾ ഐ.എച്ച്.ആർ.ഡി.യെ കൊണ്ടാണ് നന്നാക്കിയിരുന്നത്. ഇതുകൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരവരുടെ സാമ്പത്തിക അധികാരപരിധിക്കകത്തു നിന്നും കൊണ്ട് ഉപകരണങ്ങൾ അതാത് സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണപരമായ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്പെഷ്യൽ റിപ്പയറിംഗ് ക്യാംപുകൾ ഐ.എച്ച്.ആർ.ഡി.യുടെ സഹായത്തോടെ നടത്തുകയും

LIBRARY ARCHIVES Kerala Legislative Assembly

കേടുവന്ന ഉപകരണങ്ങൾ നന്നാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും ആശുപത്രി സൂപ്രണ്ടുമാർക്കും അവരുടെ സാമ്പത്തിക അധികാരപരിധിക്കകത്തുനിന്നുകൊണ്ട് ഉപകരണങ്ങൾ അതത് സ്ഥലങ്ങളിലുള്ളവ നന്നാക്കുന്നതിനുള്ള ഭരണ അനുമതിയും ഫണ്ടും നൽകുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമീണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി

138 (141) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പല ഗ്രാമീണ ആശുപത്രികളിലും രോഗികൾക്ക് ആവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എല്ലാ ഗ്രാമീണ ആശുപത്രികളിലും ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) ഡോക്ടർമാരില്ലാത്ത ആശുപത്രികളിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഗ്രാമീണ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ രംഗത്തെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കമ്മിറ്റിയെ നിയമിക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ പഞ്ചായത്ത് നഗരപാലിക ബില്ലുകളുടെ ആവിർഭാവത്തോടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ താലൂക്കാശുപത്രികളിൽ വരെയുള്ള സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ആരോഗ്യവകുപ്പിലെ മെഡിക്കൽ ഓഫീസർമാർ മുതൽ താഴോട്ട് എല്ലാ തലത്തിലുമുള്ള ജീവനക്കാരുടെയും പൂർണ്ണ സഹകരണത്തോടെ പദ്ധതി രേഖകൾ നടപ്പിലാക്കിവരികയുമാണ് അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണാധികാരികൾ ലഭ്യമാക്കുന്നതനുസരിച്ചും ധനലഭ്യത അനുസരിച്ചും സ്ഥാപനങ്ങളിൽ ചികിത്സാ സൗകര്യം വർദ്ധിപ്പിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly